**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4582** **19-07-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട്, ഇടമലയാർ ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സാധ്യത ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഡാമുകൾ കേന്ദ്രീകരിച്ച് അനന്തമായ ടൂറിസം സാധ്യതയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂതത്താൻകെട്ട് ഡാം കേന്ദ്രീകരിച്ച് ഡി.ടി.പി.സി യുടെ സഹകരണത്തോടെ ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഇടമലയാർ ഡാമിൽ ടൂറിസം പദ്ധതികളൊന്നും നിലവിലില്ല, പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം-ഇലക്ട്രിസിറ്റി വകുപ്പുകളുമായി ചേർന്ന് സംയുക്തമായി ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഭൂതത്താൻകെട്ട്, ഇടമലയാർ ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം-ഇലക്ട്രിസിറ്റി വകുപ്പുകളുമായി ചേർന്ന് സംയുക്തമായി ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിന് വിശദമായ പരിശോധന ആവശ്യമാണ്. ആയതിനുശേഷം മാത്രമേ ടി വിഷയത്തിൽ അനന്തരനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ